**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 842** **06-12-2022 - ൽ മറുപടിയ്ക്ക്**

**കെ.ജി. സുബ്രഹ്മണ്യം സ്മാരക സാംസ്കാരിക കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | പ്രശസ്ത ചിത്രകാരൻ കെ.ജി. സുബ്രഹ്മണ്യത്തിന്റെ പേരിൽ കൂത്തുപറമ്പിൽ സ്ഥാപിക്കുന്ന സാംസ്കാരിക കേന്ദ്ര നിർമ്മാണത്തിന്റെ നിലവിലുള്ള പുരോഗതി വിശദമാക്കുമോ; | (എ) | പ്രശസ്ത ചിത്രകാരൻ കെ.ജി. സുബ്രഹ്മണ്യത്തിന്റെ പേരിൽ കൂത്തുപറമ്പിൽ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനും കെട്ടിട നിർമ്മാണത്തിനുമായി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2 കോടി രൂപ അടങ്കൽ തുകയായി അനുവദിച്ച് 100 രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക പൊതുമരാമത്ത്-റവന്യൂ വകുപ്പുകൾക്ക് സംയുക്തമായാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത സാംസ്കാരിക സമുച്ചയത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായി അർഹതാപത്രം സമർപ്പിക്കുന്നതിനും സാംസ്കാരിക സമുച്ചയത്തിന്റെ ഡിസൈൻ, തുടർ നിർമ്മാണ പ്രവർത്തികൾക്കാവശ്യമായ നടപടികൾ എന്നിവ സാംസ്കാരിക വകുപ്പ് മുഖേന സ്വീകരിക്കുന്നതിനും കൂത്തുപറമ്പ് നഗരസഭാ സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടറോടഭ്യർത്ഥിച്ചിരുന്നു. പൊതുമരാമത്ത്-റവന്യൂ വകുപ്പുകൾക്ക് സംയുക്തമായി തുക വകയിരുത്തിയിട്ടുള്ളതിനാൽ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ സ്ഥലം ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ കെട്ടിട നിർമ്മാണം നടത്തുകയും പ്രവർത്തികളുടെ മേൽ നോട്ട ചുമതലയും സ്ഥാപനത്തിന്റെ നടത്തിപ്പും കൂത്തുപറമ്പ് നഗരസഭയുടെ നേതൃത്വത്തിൽ നിർവ്വഹിക്കാവുന്നതുമാണെന്ന നിർദ്ദേശം സാംസ്കാരിക വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | റവന്യൂ പൊതുമരാമത്ത് വകുപ്പുകളുടെ സഹകരണത്തോടെയുള്ള പ്രസ്തുത സാംസ്കാരിക കേന്ദ്ര നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കുമോ? | (ബി) | പ്രശസ്ത ചിത്രകാരൻ കെ.ജി. സുബ്രഹ്മണ്യത്തിന്റെ പേരിൽ കൂത്തുപറമ്പിൽ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനും കെട്ടിട നിർമ്മാണത്തിനുമായി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2 കോടി രൂപ അടങ്കൽ തുകയായി അനുവദിച്ച് 100 രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക പൊതുമരാമത്ത്-റവന്യൂ |

| | | | |
|---|---|---|---|
| | | | വകുപ്പുകൾക്ക് സംയുക്തമായാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത സാംസ്കാരിക സമുച്ചയത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായി അർഹതാപത്രം സമർപ്പിക്കുന്നതിനും സാംസ്കാരിക സമുച്ചയത്തിന്റെ ഡിസൈൻ, തുടർ നിർമ്മാണ പ്രവർത്തികൾക്കാവശ്യമായ നടപടികൾ എന്നിവ സാംസ്കാരിക വകുപ്പ് മുഖേന സ്വീകരിക്കുന്നതിനും കൂത്തുപറമ്പ് നഗരസഭാ സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടറോടഭ്യർത്ഥിച്ചിരുന്നു. പൊതുമരാമത്ത്-റവന്യൂ വകുപ്പുകൾക്ക് സംയുക്തമായി തുക വകയിരുത്തിയിട്ടുള്ളതിനാൽ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ സ്ഥലം ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ കെട്ടിട നിർമ്മാണം നടത്തുകയും പ്രവർത്തികളുടെ മേൽ നോട്ട ചുമതലയും സ്ഥാപനത്തിന്റെ നടത്തിപ്പും കൂത്തുപറമ്പ് നഗരസഭയുടെ നേതൃത്വത്തിൽ നിർവ്വഹിക്കാവുന്നതുമാണെന്ന നിർദ്ദേശം സാംസ്കാരിക വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ